കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 06

കാസർകോട് വെള്ളി

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പൊതുവിദ്യാഭ്യാസ മേഖല മുന്നേറ്റപാതയിൽ: മന്ത്രി ഇ.ചന്ദ്രശേഖരൻ

സർക്കാർ ശക്തമായ ഇടപെടൽ നടത്തിയതോടെ അക്കാദമിക് ഭൗതിക മേഖലകളിൽ പൊതുവിദ്യാഭ്യാസ മേഖല ജൈത്രയാത്ര ആരംഭിച്ചിരിക്കുകയാണെന്ന് റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. ഈ സർക്കാർ അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ പൊതുവിദ്യാഭ്യാസ മേഖല എല്ലാ രംഗത്തും മുന്നിലായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ഉപ്പിലിക്കൈ ജി.എച്ച്.എസ്.എസ് കെട്ടിട ഉദ്ഘാടനവും പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഈ സർക്കാർ അധികാരത്തിൽ വന്നു രുവർഷം പൂർത്തിയാക്കുമ്പോൾ പൊതുവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനായി ആയിരക്കണക്കിന് കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. സ്കൂളുകളുടെ നിലവാരം മെച്ചപ്പെട്ടതോടെ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതലായി കുട്ടികൾ എത്തിക്കൊരിക്കുകയാണ്. 2017-18 അധ്യായനവർഷം 1.40 ലക്ഷം കുട്ടികളാണ് പുതിയതായി ചേർന്നതെങ്കിൽ ഈ വർഷം രു ലക്ഷത്തോളം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ ചേർന്നത്. അധ്യാപകരുടെയും പിടിഎ സംഘടനകളുടെയും മറ്റു സംഘടനകളുടെയും കൂട്ടായ ശ്രമങ്ങളുടെ ഫലമായി സർക്കാർ വിദ്യാലങ്ങൾ ചിട്ടയായി പ്രവർത്തിക്കുകയാണ്. കുട്ടികളുടെ എണ്ണവും സ്കൂളുകളുടെ പഴക്കവും അനുസരിച്ച് അഞ്ചു കോടി രൂപവരെ ഓരോ സ്കൂളിനും സർക്കാർ സാമ്പത്തിക സഹായം നൽകുന്നു്. ഭൗതിക നിലവാരത്തിനൊപ്പം അക്കാദമിക് നിലവാരവും ഉയർത്തിക്കൊരിക്കുകയാണ്. ഈ മാറ്റം സമീപഭാവിയിൽതന്നെ പൊതുസമൂഹത്തിനു ബോധ്യമാകുമെന്നും മന്ത്രി പറഞ്ഞു.

കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ വി.വി രമേശൻ അധ്യക്ഷതവഹിച്ചു. കാഞ്ഞങ്ങാട് നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി.വി ഭാഗീരഥി, കൗൺസിലർമാരായ കെ.വി സരസ്വതി, കെ.മിനി, എം.ശാരദ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ പള്ളിക്കൈ രാധാകൃഷ്ണൻ, ടി.വി ശ്യാമള, സി.കെ ബാബുരാജ്, സി.കെ വത്സൻ, എസ്.എം.സി ചെയർമാൻ രവീന്ദ്രൻ ചേടിറോഡ്, എംപിടിഎ പ്രസിഡന്റ് എ.സിന്ധു, വികസനസമിതി ചെയർമാൻ പി.ചന്ദ്രൻ, ഹെഡ്മിസ്ട്രസ് എസ്.സാവിത്രി എന്നിവർ സംസാരിച്ചു. കാസർകോട് പിഡബ്ള്യുഡി കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.രാജേഷ് ചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. പിടിഎ പ്രസിഡന്റ് പി.വി മോഹനൻ സ്വാഗതവും പ്രിൻസിപ്പാൾ ഇൻചാർജ് എസ്.എം ശ്രീപതി നന്ദിയും പറഞ്ഞു.

മന്ത്രി ഇ. ചന്ദ്രശേഖരന്റെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതയിൽ ഉൾപ്പെടുത്തിയാണ് ഹയർസെക്കൻഡറിക്കായി പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഹയർസെക്കൻഡറി വകുപ്പിൽ നിന്നും അനുവദിച്ച ഫിൽ നിന്നുമാണ് ശിലാസ്ഥാപനം നടത്തിയ പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

(തുടരും)

**ഫോട്ടോ അടിക്കുറിപ്പ്:- ഉപ്പിലിക്കൈ മിനിസ്റ്റർ 1:-**

ഉപ്പിലിക്കൈ ജി.എച്ച്.എസ്.എസ് പുതിയ കെട്ടിടം റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനവും ചെയ്യുന്നു.

മിനിസ്റ്റർ:-

ഉപ്പിലിക്കൈ ജി.എച്ച്.എസ്.എസ് കെട്ടിട ഉദ്ഘാടനവും പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനവും നിർവഹിച്ചു റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ സംസാരിക്കുന്നു.

# കുടുംബശ്രീയുടെ ലക്ഷ്യം സ്വദേശി സംരംഭങ്ങളുടെ വ്യാപനം: മന്ത്രി ചന്ദ്രശേഖരൻ

കുടുംബശ്രീ എസ്‌വിഇപി പദ്ധതി ഉദ്ഘാടനം ചെയ്തു

കുടുംബശ്രീ ലക്ഷ്യമിടുന്നത് തദ്ദേശീയമായ സംരംഭങ്ങളെയും അതുവഴിയുള്ള വിപണ സാധ്യതകളെയുമാണെന്ന് റവന്യുമന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ചെറുവത്തൂർ പൂമാല ഓഡിറ്റോറിയത്തിൽ നീലേശ്വരം ബ്ലോക്ക് എസ്‌വിഇപി (സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം) പദ്ധതി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ ശീലങ്ങളെ മാറ്റിമറിച്ചുകൊുള്ള പുതിയ ശീലങ്ങൾ ആരംഭിക്കുവാനായും കുത്തകവ്യവസായങ്ങൾ നമ്മെ പരിശീലിപ്പിച്ചപ്പോൾ നാം അതിന് വഴിപ്പെട്ടു. ചായത്തോട്ടങ്ങൾ ഉാക്കിക്കൊ് ബ്രിട്ടീഷുകാർ നമ്മളെ ചായയുടെ നല്ല ഉപഭോക്താക്കളായി നേട്ടം കൊയ്തു.ലാഭമായിരുന്നു അവരുടെ ലക്ഷ്യം. നമ്മളെ ശീലങ്ങൾക്ക് അടിമകളാക്കി നേട്ടം കൊയ്യാൻ മറ്റുള്ളവരെ ഇനി അനുവദിക്കില്ലെന്ന് ദൃഢനിശ്ചയത്തിൽ നിന്നാണ് കുടുംബശ്രീ രൂപംകൊത്. തൊഴിലും സ്വന്തമായ വരുമാനമാർഗവും എന്ന ലക്ഷ്യംവച്ചുള്ള ഈ വലിയ സംരംഭത്തെ ഇനിയും ഏറെ വളർത്തേതുന്നെ് മന്ത്രി പറഞ്ഞു.

എം.രാജഗോപാലൻ എംഎൽഎ അധ്യക്ഷതവഹിച്ചു. പദ്ധതി രേഖയുടെ പ്രകാശനം പി.കരുണാകരൻ എം.പി കുടുംബശ്രീ ജില്ലാ കോ ഓർഡിനേറ്റർ ടി.ടി സുരേന്ദ്രനു നൽകി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ ഗ്രാമകിരണൻ പദ്ധതി ഉദ്ഘാടനം ചെയ്തു. എൽഇഡി ബൾബുകളുടെ ആദ്യവിൽപന നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി ജാനകി ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രമീളയ്ക്ക് നൽകി നിർവഹിച്ചു. വലിയ പറമ്പ പഞ്ചായത്ത പ്രസിഡന്റ് അബ്ദുൾ ജബാർ എം.ടി, പിലിക്കോട് പഞ്ചായത്ത പ്രസിഡന്റ് ടി.വി ശ്രീധരൻ, പടന്ന പഞ്ചായത്ത പ്രസിഡന്റ് പി.സി ഫൗസിയ, ചെറുവത്തൂർ പഞ്ചായത്ത് സെക്രട്ടറി ടി.വി പ്രഭാകരൻ, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ബേബി ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം വെങ്ങാട് കുഞ്ഞിരാമൻ തുടങ്ങിയവർ സംസാരിച്ചു. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ സ്വാഗതവും കുടുംബശ്രീ എഡിഎംസി സി.ഹരിദാസൻ നന്ദിയും പറഞ്ഞു.

നീലേശ്വരം ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്ത് പരിധിയിൽ നാലു വർഷത്തിനകം രായിരത്തോളം മൈക്രോസംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലയിൽ നീലേശ്വരം ബ്ലോക്കിൽ ആരംഭിച്ച ഈ പദ്ധതി രാം ഘട്ടത്തിൽ കാറഡുക്ക ബ്ലോക്കിലേക്ക് വ്യാപിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടുക്കുകയാണ്.

**ഫോട്ടോ അടിക്കുറിപ്പ്:- മിനിസ്റ്റർ കുടുംബശ്രീ:-**

ചെറുവത്തൂർ പൂമാല ഓഡിറ്റോറിയത്തിൽ കുടുംബശ്രീയുടെ നീലേശ്വരം ബ്ലോക്ക് എസ്‌വിഇപി പദ്ധതി ഉദ്ഘാടനം നിർവഹിച്ച് മന്ത്രി ഇ. ചന്ദ്രശേഖരൻ സംസാരിക്കുന്നു.

(തുടരും)

# സാക്ഷരതാപഠിതാക്കളുടെ സംഗമവും വായനാമത്സരവും നടത്തി

വായനാപക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സാക്ഷരതാമിഷന്റേയും സംയുക്താഭിമുഖ്യത്തിൽ സാക്ഷരതാപഠിതാക്കളുടെ സംഗമവും വായനാമത്സരവും സംഘടിച്ചു. അറുപതോളം പഠിതാക്കൾ പങ്കെടുത്തു. മലയാളം, കന്നഡ തലങ്ങളിൽ നടന്ന മത്സരം ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി സുഗതന്റെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ ജീവൻ ബാബു.കെ ഉദ്ഘാടനം ചെയ്തു. മത്സരവിജയികൾക്കുള്ള സമ്മാനദാനവും കളക്ടർ നിർവഹിച്ചു. സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഷാജു ജോൺ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ പി.പി.സിറാജ്, കെ.വി രാഘവൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

മലയാള വിഭാഗത്തിൽ ജമീല ടി, അബ്ദുൾ സത്താർ എം, സിന്ധു സി.കെ എന്നിവർ യഥാക്രമം ഒന്നും രും മൂന്നും സ്ഥാനങ്ങളിൽ വിജയികളായി. കന്നഡ വിഭാഗത്തിൽ പുഷ്പ ഒന്നാം സ്ഥാനവും സുനന്ദ ടി, നിർമ്മല എ എന്നിവർ രും മൂന്നും സ്ഥാനവും നേടി.

**ഫോട്ടോ അടിക്കുറിപ്പ്:-**

**സാക്ഷരത 1:-** വായനാപക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സാക്ഷരതാമിഷന്റേയും സംയുക്താഭിമുഖ്യത്തിൽ സാക്ഷരതാപഠിതാക്കൾക്കായി നടത്തിയ വായനാമത്സരത്തിലെ വിജയികൾക്ക് ജില്ലാ കളക്ടർ ജീവൻ ബാബു.കെ സമ്മാനങ്ങൾ നൽകുന്നു.

**സാക്ഷരത:-** വായനാപക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സാക്ഷരതാമിഷന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സാക്ഷരതാപഠിതാക്കളുടെ സംഗമത്തിനെത്തിയവർ ജില്ലാ കളക്ടർ ജീവൻ ബാബുവിനൊപ്പം.

# ബഷീർ അനുസ്മരണവും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു

വായനാപക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പി.എൻ പണിക്കർ ഫൗഷേൻ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ബഷീർ അനുസ്മരണവും ബഷീർ കൃതികൾ സംബന്ധിച്ച ക്വിസ്, കാരിക്കേച്ചർ, വായനാമത്സരങ്ങളും പുസ്തകപ്രദർശനവും പ്രത്യേക അസംബ്ലിയും സംഘടിപ്പിച്ചു. പടന്നക്കടപ്പുറം ഗവ.ഫിഷറീസ് ഹയർസെക്കൻഡറി സ്കൂളിലാണ് പരിപാടി സംഘടിപ്പിച്ചത്.

അനുസ്മരണ സമ്മേളനവും കാരിക്കേച്ചർ രചനാമത്സരവും സിനിമാ സംവിധായകനും ചിത്രകാരനുമായ ടി.കെ സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ വി.സുധാകരൻ അധ്യക്ഷത വഹിച്ചു. റിട്ട. അധ്യാപിക പി.വി.ശോഭനകുമാരി സ്കൂൾ ലൈബ്രറിക്ക് പുസ്തകങ്ങൾ സംഭാവന നൽകി സംസാരിച്ചു. എസ്. ശ്രീലേഖ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി എ.ഗിരീഷ് ബാബു നന്ദിയും പറഞ്ഞു. ഫായിസ യു.എം, സഫ്രീന കെ, ജന്നത്ത് എന്നിവർ ബഷീർ കഥകൾ അവതരിപ്പിച്ചു.

**കാരിക്കേച്ചർ മത്സര വിജയികൾ:-ഒന്ന് ര് മൂന്ന് സ്ഥാനങ്ങൾ ക്രമത്തിൽ.**

ഹൈസ്ക്കൂൾ: അഭീജിത്ത്. പി.വി(എട്ടാം ക്ലാസ് ബി),ഖൈറുന്നീസ പി(പത്താം ക്ലാസ് സി), ഖൈറുന്നീസ കെ(ഒൻപതാം ക്ലാസ് ബി) യു.പി വിഭാഗം: സൂര്യനാരായണൻ(ആറാം ക്ലാസ് ബി), അഹമ്മദ് നജാസ് വി (അഞ്ചാം ക്ലാസ് എ), പ്രാർത്ഥന രമേശൻ(ഏഴാം ക്ലാസ് എ)

ക്വിസ് മത്സര വിജയികൾ:-

യു.പി: അതുൽദാസ് പി.വി (ഏഴാം ക്ലാസ് എ), ഫായിസ യു.എം(ഏഴാം ക്ലാസ് ബി), സൂര്യനാരായണൻ കെ (ആറാം ക്ലാസ് ബി)

ഹൈസ്ക്കൂൾ: ജാഷിറ വി (പത്താം ക്ലാസ് ബി) ജസിക( എട്ടാം ക്ലാസ് ബി), നന്ദന കെ(പത്താം ക്ലാസ് ബി)

(തുടരും)

## ശക്തമായ കാറ്റിന് സാധ്യത

കേരള-ലക്ഷദ്വീപ് തീരങ്ങളില്‍ പടിഞ്ഞാറുനിന്നും മണിക്കൂറില്‍ 35-45 കിലോമീറ്റര്‍ വേഗത്തില്‍ കാറ്റടിക്കുവാനും കടല്‍ക്ഷോഭത്തിനും സാധ്യതയു്. മത്സ്യത്തൊഴിലാളികള്‍ ലക്ഷദ്വീപിന്റെ പടിഞ്ഞാറുഭാഗത്തും, അറബി കടലിന്റെ വടക്കു ഭാഗത്തും മത്സ്യബന്ധത്തിന് പോകരുതെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു.

## ചിത്രകലാ ക്യാമ്പ് ആഗസ്ത് ഒന്നു മുതല്‍

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തില്‍ കാലിക്കടവില്‍ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സഹകരണത്തോടെ ആഗസ്ത് ഒന്നു മുതല്‍ നാലു വരെയാണ് ക്യാമ്പ് നടക്കുക. മാര്‍ക്സിസം, കല, സമൂഹം എന്ന വിഷയത്തില്‍ സുനില്‍ പി ഇളയിടത്തിന്റെ പ്രഭാഷണമുാകും. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ആലോചനായോഗം ഈ മാസം ഒന്‍പതിന് (ജൂലൈ 9) വൈകുന്നേരം നാലിന് കാലിക്കടവ് രമ്യ ഫൈന്‍ആര്‍ട്സ് ഹാളില്‍ ചേരും.

## ക്വിസ് മത്സരം

കളക്ടറേറ്റ് അക്ഷര ലൈബ്രറിയുടെ ആഭിമുഖ്യത്തില്‍ ജില്ലയിലെ സര്‍ക്കാര്‍ ഉദ്യോഗസ്ഥര്‍ക്കും അധ്യാപകര്‍ക്കുമായി ഈ മാസം 13 ന് ഉച്ചയ്ക്ക് 1.30 ന് കളക്ടറേറ്റ് മിനി കോണ്‍ഫറന്‍സ് ഹാളില്‍ ലോകകപ്പ് ഫുട്ബോള്‍ ക്വിസ് മത്സരം നടത്തും. ഒരു ടീമില്‍ രുപേര്‍ക്ക് പങ്കെടുക്കാം. മത്സരത്തില്‍ ഒന്നും, രും, മൂന്നും സ്ഥാനം നേടുന്നവര്‍ക്ക് യഥാക്രമം 2500, 1500, 1000 രൂപ ക്യാഷ് അവാര്‍ഡ് നല്‍കും. പങ്കെടുക്കാനാഗ്രഹിക്കുന്നവര്‍ 11 ന് 5 മണിക്കകം അക്ഷര ലൈബ്രറിയിലോ 9495191269, 9447828594 നമ്പരിലോ പേര് രജിസ്റ്റര്‍ ചെയ്യണം.

## തൊഴിലാളികളെ ആവശ്യമു്

മഞ്ചേശ്വരം ബ്ലോക്കിന് കീഴില്‍ വോര്‍ക്കാടി കൃഷിഭവനില്‍ പ്രവര്‍ത്തിക്കുന്ന തുളുനാട് അഗ്രോസര്‍വീസ് സെന്ററില്‍ കാര്‍ഷിക യന്ത്രങ്ങള്‍ ഉപയോഗിക്കുന്നതിനും മറ്റ് കൃഷി അനുബന്ധ പ്രവര്‍ത്തനങ്ങള്‍ ചെയ്യുന്നതിനും തൊഴിലാളികളെ ആവശ്യമു്. പുരുഷന്മാര്‍ക്കും സ്ത്രീകള്‍ക്കും അപേക്ഷിക്കാം. അപേക്ഷകള്‍ ഈ മാസം 31 നകം ലഭിക്കണം. ബന്ധപ്പെടേ നമ്പര്‍:9947171621

## ഹരിതകേരളം ഏകദിന ശില്‍പശാല നടത്തി

ഹരിതകേരളം മിഷന്റെ ഭാഗമായ ജലഉപമിഷന്റെ ഏകദിന ശില്‍പശാല ജില്ലാ ആസൂത്രണ സമിതി ഹാളില്‍ നടന്നു. കോഴിക്കോട് മൈനര്‍ ഇറിഗേഷന്‍ സൂപ്രിംഗ് എഞ്ചിനീയര്‍ കെ.പി.രവീന്ദ്രന്‍ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷന്‍ ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ എം.പി.സുബ്രഹ്മണ്യന്‍ അധ്യക്ഷത വഹിച്ചു. ജില്ലയില്‍ തദ്ദേശ സ്ഥാപനങ്ങളില്‍ നീര്‍ത്തട മാസ്റ്റര്‍പ്ലാന്‍ തയ്യാറാക്കുന്നതിന് വേി നടന്ന ശില്‍പശാലയില്‍ ചടയമംഗലം പഞ്ചായത്തിന് വേി തയ്യാറാക്കിയ മാസ്റ്റര്‍ പ്ലാനിന്റെ മാതൃകയില്‍ വിശദമായ അവതരണവും ചര്‍ച്ചയും നടന്നു.

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കര്‍മ്മസേന കണ്‍വീനര്‍മാരായ ഇറിഗേഷന്‍ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയര്‍മാര്‍ ശില്‍പശാലയില്‍ പങ്കെടുത്തു. മൈനര്‍ ഇറിഗേഷന്‍ എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ കെ.എന്‍.സുഗുണന്‍ സ്വാഗതം പറഞ്ഞു. ഗ്രാമ-ബ്ലോക്ക്-ജില്ലാതല മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി ജില്ലയിലെ ജലക്ഷാമം പരിഹരിക്കുന്നതിനും കാര്‍ഷിക അഭിവൃദ്ധിക്കും മണ്ണ് സംരക്ഷണത്തിനും വേി വരുന്ന പ്രവര്‍ത്തനങ്ങള്‍ നടപ്പാക്കാനും തീരുമാനിച്ചു. ജില്ലാ പദ്ധതി രേഖയിലെ ജലജീവനം നീര്‍ത്തട പദ്ധതിയുടെ രൂപരേഖയ്ക്കനുസരിച്ച് പരിപാടികള്‍ ആസൂത്രണം ചെയ്യാനും തീരുമാനിച്ചു.

## ചുമതലയേറ്റു

ജില്ലാ ഉപഭോക്തൃ തര്‍ക്ക പരിഹാര ഫോറം മെമ്പറായി എം.രാധാകൃഷ്ണന്‍ നായര്‍ ചുമതലയേറ്റു. പെരുമ്പള സ്വദേശിയാണ്.

**ഫോട്ടോ:- രാധാകൃഷ്ണന്‍ നായര്‍**

## വാഹനത്തിന് ക്വട്ടേഷൻ ക്ഷണിച്ചു

ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ ഉപയോഗത്തിനായി ഏഴു സീറ്റുള്ള വാഹനം മാസവാടക വ്യവസ്ഥയിൽ നല്കാൻ താല്പര്യമുള്ള ഉടമകൾ ഈമാസം 17നകം ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയത്തിൽ ക്വട്ടേഷനുകൾ നൽകണം.കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04994 256658

## സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗേജ് ടീച്ചർ അറബിക് (യു പി എസ്) കാറ്റഗറി നം 532/2013 തസ്തികയുടെ സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.ലിസ്റ്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭിക്കും.

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഒഴിവ്

കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിലുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. കൂടിക്കാഴ്ച ഈ മാസം 10ന് രാവിലെ 11.30ന് കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ നടത്തും. യോഗ്യത:-നിംഹാൻസിൽ നിന്നുള്ള ക്ലിനിക്കൽ സൈക്കോളജിയിൽ എംഫിൽ അഥവാ തത്തുല്ല്യ യോഗ്യത. ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, വയസ്, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം നേരിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ ഓഫീസുമായി നേരിലോ 0467-2206886 എന്ന നമ്പരിലോ ബന്ധപ്പെടുക.

## ഹജ്ജ് മൂന്നാം ഘട്ട സാങ്കേതിക ക്ലാസ് ഇന്ന് മുതൽ

സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന യാത്ര തിരിക്കുന്ന കാസർകോട് ജില്ലയിലെ ഹജ്ജ് തീർത്ഥാടകർക്കുള്ള മൂന്നാം ഘട്ട സാങ്കേതിക പരിശീലന ക്ലാസുകൾ ഇന്ന് (ജൂലൈ 7) ആരംഭിക്കും. രാവിലെ ഒൻപതിന് കാഞ്ഞങ്ങാട് പുതിയകോട്ട മദ്രസാ ഹാളിലും 11 ന് രാവിലെ ഒൻപതിന് ചെർക്കള ഖുവത്തുൽ ഇസ്ലാം മദ്രസയിലും 14 ന് രാവിലെ ഒൻപതിന് ഉപ്പള നയാബസാർ എ.ജെ.ഐ. ഹയർ സെക്കൻഡറി സ്ക്കൂളിലും 17 ന് രാവിലെ ഒൻപതിന് തൃക്കരിപ്പൂർ ഇളമ്പച്ചി ഫായിക്ക ഇൻഡോർ സ്റ്റേഡിയത്തിലുമാണ് ക്ലാസുകൾ നടക്കുക. ക്ലാസുകൾക്ക് സംസ്ഥാന ഹജ്ജ് കമ്മറ്റി ചെയർമാൻ തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, ഹജ്ജ് കമ്മറ്റി മെമ്പർ സി.എച്ച്മുഹമ്മദ് കുഞ്ഞി ചായിന്റടി, ഹജ്ജ് കമ്മറ്റി അസിസ്റ്റന്റ് സെക്രട്ടറി ടി.കെ.അബ്ദുൾ റഹിമാൻ, സംസ്ഥാന ഹജ്ജ് കോർഡിനേറ്റർ എൻ.പി.ഷാജഹാൻ, മാസ്റ്റർ ട്രയിനർമാരായ പി.എ.നിഷാദ്, മുജീബ് റഹ്മാൻ, ജില്ലാ ഹജ്ജ് ട്രയിനർ എൻ.പി.സൈനുദ്ദീൻ എന്നിവർ നേതൃത്വം നൽകും. ക്ലാസുകളിൽ ലഗേജ് സ്റ്റിക്കർ, മഫ്ത സ്റ്റിക്കറുകൾ വിതരണം ചെയ്യും. ഹജ്ജ് യാത്ര ഉറപ്പായവരും വെയ്റ്റിങ് ലിസ്റ്റ് 4000 വരെയുള്ളവരിൽ നിന്ന് യാത്രയ്ക്ക് തയ്യാറായി ഹജ്ജ് കമ്മറ്റിക്ക് പാസ്പോർട്ട് സമർപ്പിച്ചവരും അതാത് മേഖലകളിലെ ക്ലാസുകളിൽ പങ്കെടുക്കണം. കവറിലുള്ള മുഴുവൻ ഹാജിമാരും ക്ലാസുകളിൽ ഹാജരാകണം. അതാത് ഏരിയകളിലെ ട്രയിനർമാർ കവർ ഹെഡിനെ ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ അറിയിക്കും.

(അവസാനിച്ചു)